**നന്ദിഗ്രാമിൽ വീണ്ടും രോഷം പുകയുകയാണ്. സി.പി.ഐ.(എം)ന്റെ ഭരണകൂടഭീകരതയും രാഷ്ട്രീയ ശക്തിയും വെടിയുതിർത്തപ്പോൾ നിരവധി പാവങ്ങൾ വീണ്ടും തലതിരിഞ്ഞ വികസനത്തിന്റെ ഇരകളായി. വളരെ ആസൂത്രിതമായാണ് ഇത്തവണ നന്ദിഗ്രാം തിരിച്ചുപിടിക്കാൻ സി.പി.ഐ.(എം) സായുധപോരാട്ടത്തിന് ഇറങ്ങിയത്. ചുവപ്പു ഭീകരത സൃഷ്ടിച്ച മനുഷ്യാവകാശ പ്രശ്നങ്ങൾക്ക് ന്യായീകരണമില്ലാതെ ബംഗാൾ സർക്കാർ ഉത്തരംമുട്ടുകയാണ്.**

### ബംഗാളിൽനിന്നുള്ള പാഠങ്ങൾ-4


# ഒടുവിൽ നന്ദിഗ്രാമിലേക്ക്

അഡ്വ. ആശ ആർ.കെ.

ഇരുട്ട് വീണുതുടങ്ങിയിരുന്നു. അയാൾ വ്യവസായ അനുകൂലിയാണ്. വികസനത്തിന് വ്യവസായം അനിവാര്യമാണെന്നാണ് അയാൾ പറഞ്ഞത്. ഇരുട്ട് വീണുതുടങ്ങിയിരുന്നു. അയാൾ ഞങ്ങളെ ദൂരെയുള്ള ഒരു ഗ്രാമത്തിൽ കൊണ്ടുപോയി. അയാളുടെ കൊല്ലപ്പെട്ട ജ്യേഷ്ഠന്റെ ഭാര്യയെയും (ശങ്കർസാമന്തയുടെ) മകളെയും ഒരു ബന്ധുവീട്ടിൽ താമസിപ്പിച്ചിരുന്നു. സമ്പന്നയായ ഗൃഹനാഥ ഒരു ഓലപുരയിൽ നിന്ന് വന്നു. ഞങ്ങളെ കണ്ടപ്പോൾ കരഞ്ഞു. അതിക്രമം അത് ആര് നടത്തിയാലും മനുഷ്യന് ഏൽക്കുന്ന വേദന ഒരുപോലെയാണെന്ന് പലരും മറന്നുപോകാറുണ്ട്. തിരിച്ച് സുരക്ഷിതമായി നബകുമാർ ഞങ്ങളെ മച്ചേത റെയിൽവെ സ്റ്റേഷനിൽ എത്തിച്ചു. ഹാൽഡിയ ഡെവലപ്മെന്റ് പദ്ധതിയിൽ നബകുമാർ എന്ന മെക്കാനിക്കൽ എഞ്ചിനീയർക്ക് എന്തൊക്കെയോ ചില നിഗൂഢതാൽപര്യങ്ങൾ കൂടി ഉള്ളതായി ഞങ്ങൾക്ക് തോന്നി. 180 വർഷത്തോളം പഴക്കമുള്ള അയാളുടെ വീട്ടിലേക്ക് അയാൾക്ക് മടങ്ങിപോണം. കൃഷിയുടെ പേരിലുള്ള സമരം യഥാർത്ഥത്തിൽ ഒരു രാഷ്ട്രീയകളിയാണെന്നും അതിന്റെ രാഷ്ട്രീയം പാവം നിരക്ഷരരായ ഗ്രാമീണർക്ക് അറിയില്ല എന്നും അയാൾ കൂട്ടിച്ചേർത്തു. വളരെ സഹൃദയത്വത്തോടെ സംസാരിച്ച അയാൾക്ക് രാഷ്ട്രീയത്തിന്റെ ഉള്ളുകളികൾ നന്നായി അറിയാമെന്ന് ഞങ്ങൾക്ക് ബോധ്യമായി. അന്നും ഏറെ വൈകിയാണ് ഞങ്ങൾ കൽക്കട്ടയിലെ താമസസ്ഥലത്ത് എത്തിയത്.

ഇനിയും കാര്യങ്ങൾ അറിയേണ്ടത് അതിക്രമം നേരിട്ടനുഭവിച്ച ജനങ്ങളിൽ നിന്നാണ് എന്ന തിരിച്ചറിവിൽ ഞങ്ങൾ പിറ്റേന്ന് നന്ദിഗ്രാമിലേക്ക് യാത്രതിരിച്ചു. ആദ്യദിവസം പകുതിയാക്കിയ സംഘർഷമേഖല ഞങ്ങൾ സമരസഖാക്കളുടെ സഹകരണത്തോടെ വീണ്ടും സന്ദർശിച്ചു. നന്ദിഗ്രാമിലെ കുട്ടികൾ സ്കൂളിലോ കോളേജിലോ പോകുന്നില്ല. അവിടെയെല്ലാം ഇപ്പോൾ അഭയാർത്ഥി ക്യാമ്പോ പോലീസ് പോസ്റ്റോ ആണ്. സമൃദ്ധമായ വയലിനു നടുവിൽ ജീവിക്കുന്ന ഗ്രാമീണർ. പച്ചനിറമുള്ള ജലാശയങ്ങൾ ചുറ്റും. എന്നാൽ വൈദ്യുതിയോ ജലസേചന സൗകര്യമോ ഇല്ല. തേവി നനച്ച് കൃഷി ചെയ്യുന്ന അദ്ധ്വാനശീലരായ ജനങ്ങൾ. സ്വച്ഛന്ദമായ അവരുടെ ജീവിതത്തിലേക്കാണ് ഓർക്കാപുറത്ത് വികസനം കടന്നുവന്നത്. സ്വന്തം ഭൂമിയും കിടപ്പാടവും ഉപേക്ഷിച്ച് അവർ എവിടേക്ക് പോകും. കെമിക്കൽ ഹബ്ബിൽ എത്രപേർക്ക് തൊഴിൽ ലഭിക്കും. ജനങ്ങൾ ഏറ്റെടുക്കലിനെതിരെ സ്വയമേവ സംഘടിക്കുകയും സമരരംഗത്തേക്ക് വരികയും ചെയ്തു. മുൻനിരയിൽ തന്നെ സ്ത്രീകൾ ഉണ്ടായിരുന്നു. എന്നാൽ സ്ത്രീകളുടെ നേരെയുള്ള അതിക്രമം ലൈംഗികപരമായിരുന്നു. ഞങ്ങൾ സന്ദർശിച്ച ഒരു വീട്ടിലെ ഗൃഹനാഥ പുരുഷന്മാരെ പുറത്താക്കി മാറിലെ തുണിമാറ്റി നെഞ്ചിലെ നെടുനീളൻ മുറിവ് കാണിച്ചുതന്നു. വികസനമെന്നും വ്യവസായമെന്നും പറഞ്ഞ മറുചേരിയിലായ തങ്ങളുടെതന്നെ അയൽവാസികളായ സഖാക്കളാണ് ഇത്രയും ക്രൂരമായി പെരുമാറിയത് എന്നവർ ആണയിട്ടു. ഞങ്ങളും സിപിഎം കാരായിരുന്നു. എന്നാൽ ഇന്ന് പ്രതിരോധസമിതിയിലാണ്. അവരുടെ 12 വയസ്സുള്ള കുഞ്ഞിനെപ്പോലും അവർ ലൈംഗികമായി പീഡിപ്പിച്ചു. ഒരുപാട് സ്ത്രീകൾ അപമാനിക്കപ്പെട്ടുവെന്നും ബലാത്സംഗത്തിന് ഇരയായി എന്നും ബോദ്ധ്യമായി. പക്ഷെ പലരും പകുതിയേ പുറത്ത് പറഞ്ഞുള്ളൂ. അപമാനം തുടരുന്നത് ആർക്കാണ് സഹിക്കാൻ കഴിയുക. ഒരുപാട് പേർക്ക് പലതും നഷ്ടപ്പെട്ടിരുന്നു. മകളെ നഷ്ടപ്പെട്ട അമ്മമാരും ഭർത്താക്കന്മാരെയും നഷ്ടപ്പെട്ട സ്ത്രീകളെയും ഞങ്ങൾ കണ്ടു.

പിന്നീട് ഞങ്ങൾ തൽക്കാട്ടി കനാലിന്റെ ഇപ്പുറത്തെത്തി കനാലിന്റെ കരയിൽ കൊല്ലപ്പെട്ട ശങ്കർസാമന്തയുടെ വീട് സന്ദർശിച്ചു. നബകുമാർ പറഞ്ഞ 180 വർഷത്തെ പഴക്കമുള്ള ഒരു ഇരുനിലകെട്ടിടം. ജന്മിത്തം നിറഞ്ഞുനിൽക്കുന്ന അന്തരീക്ഷം. എന്നാൽ ഇന്ന് ദരിദ്രരായ ചൂഷിതരായ കർഷകതൊഴിലാളിക



ളുടെ രോഷത്തിനിരയായി കത്തിയമർന്നിരിക്കുന്നു. ഞങ്ങളോടൊപ്പം സമരസഖാക്കളും ഗ്രാമീണരും ഉണ്ടായിരുന്നു. ഞങ്ങൾ ചുറ്റുവട്ടത്തുള്ള മറ്റുചില വീടുകളും സന്ദർശിച്ചു. കൊല്ലപ്പെട്ട പലരുടെയും ബന്ധുക്കൾ വികാരഭരിതമായി സംസാരിച്ചു. ഭംഗാബരാ പാലം ചൂണ്ടിക്കാണിച്ച് അവർ പറയുന്നു ഇതാണ് 'ലൈൻ ഓഫ് കൺട്രോൾ'. ഇവിടെയാണ് വെടിവെപ്പ് ഉണ്ടായത്. രാത്രി ബോംബേറ് നടക്കുന്നത് അപ്പുറത്തുനിന്നാണ്. ഞങ്ങൾ സ്വാതന്ത്ര്യസമരത്തിലാണ്.

ഈ പാലത്തിനപ്പുറം കാണുന്ന ഖജൂറി ബ്ലോക്ക് പാക്കിസ്ഥാൻ അല്ല അമേരിക്കയാണ്. ബുദ്ധദേവ് എന്ന കുത്താ ബുഷ് ആണ് ഹാങ്ങ് സി.എം. എന്ന് അവർ രോഷാകുലരായി അലറിവിളിച്ചു. ഞങ്ങൾ രണഭൂമിയിലാണ്. കൊല്ലപ്പെട്ട പുഷ്കിൻ മണ്ഡൽ എന്ന ചെറുപ്പക്കാരന്റെ അച്ഛൻ തികഞ്ഞ ഒരു കർഷകനാണ്. വൈക്കോൽ കൂനകൂടി ഇടുന്നതിനിടയിൽ അയാൾ ഒരു യുദ്ധത്തിന്റെ പുറകിലുള്ള പൊളിറ്റിക്സ് സംസാരിക്കുന്നു. ശങ്കർസാമന്ത എന്ന ജന്മിയായ സിപിഎം പഞ്ചായത്ത് മെമ്പർ കൊലചെയ്യപ്പെട്ടതല്ല, മറിച്ച് ജനരോഷത്തിന് ഇരയായതാണ്. സ്വന്തം നാടിനും നാട്ടുകാർക്കും എതിരെ ദല്ലാൾ പണി ചെയ്ത് ഒറ്റിക്കൊടുക്കുന്ന രാജ്യദ്രോഹിയാണ്. മണ്ണിനെ വിൽക്കുന്നതിന് ഇടനിലക്കാരായി നിൽക്കുന്നു, കമ്മീഷൻ പറ്റുന്നു. ഞങ്ങൾ കൃഷി ചെയ്തു ജീവിക്കുന്ന ജനതയാണ്. ഞങ്ങൾക്ക് ചില അടിസ്ഥാന സൗകര്യങ്ങൾ മാത്രം മതി. അല്ലാതെ വികസനത്തിന്റെ പേരിലുള്ള അധിനിവേശവും അതിക്രമവും വേണ്ട. കെമിക്കൽ ഹബ് ഞങ്ങളുടെ മണ്ണിൽ അനുവദിക്കുകയില്ല. ശങ്കർസാമന്തിന്റെ വീട്ടിൽനിന്നും വന്ന ഏതോ വെടിയുണ്ടയേറ്റ് മരിച്ചുപോയ പുഷ്കിൻ മണ്ഡൽ അവിടത്തെ ഊർജ്ജസ്വലരായ ചെറുപ്പക്കാരുടെ പ്രതിനിധിയാണ്. അവൻ സ്പോർട്സ് താരമാണ്. ഭൂമി ഉചേദ് പ്രതിരോധ കമ്മിറ്റിയിലെ അംഗമാണ്. അവന്റെ അച്ഛന്റെ സ്വരത്തിന് ഒട്ടുംതന്നെ ഇടർച്ചയില്ല. ഈ സമരം ഞങ്ങൾ മുന്നോട്ടുതന്നെ കൊണ്ടുപോവും. ഞങ്ങൾക്ക് ഭൂമി വേണം, കൃഷി വേണം, ജീവിതം വേണം. അവന്റെ ഏട്ടൻ സമരത്തെക്കുറിച്ച് വിവരിക്കുകയും മാർച്ച് 14-നും അതിനുമുമ്പായും നടന്ന നരനായാട്ടിനെ കുറിച്ച് സംസാരിക്കുകയും ചെയ്തുവെങ്കിലും പുഷ്കിന്റെ ഓർമ്മകൾ അയാളുടെ സംഭാഷണത്തെ വലിയൊരു തേങ്ങലായി മാറ്റി. പുഷ്കിൻ മണ്ഡലിന്റെയും ഭരത് മണ്ഡലിന്റെയും അമ്മമാരുടെ രോദനം ആ ഗ്രാമവാസികൾ മുഴുവൻ ഏറ്റുപിടിച്ചു. അവരിൽനിന്നും വിടവാങ്ങുമ്പോൾ ആ രോദനത്തിന്റെ ഏങ്ങലടികൾ എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

സിംഗൂരിലെ കർഷകരെയും നാട്ടുകാരെയും ജനപ്രതിനിധികളെയും അറിയിച്ചതുപോലെ ഒരു മുന്നറിയിപ്പൊന്നും നന്ദിഗ്രാമിൽ കിട്ടിയില്ല. ഭൂരിപക്ഷം വരുന്ന സിപിഎം-സിപിഐ ജനപ്രതിനിധികളാണ് നന്ദിഗ്രാമിലെ പഞ്ചായത്തുകൾ ഭരിക്കുന്നത്. അവിടത്തെ എം.എൽ.എയും എം.പിയും ഇടതുതന്നെ. ഒരു സുപ്രഭാതത്തിൽ സ്ഥലം എം.എൽ.എ. ലക്ഷ്മൺ സേത് നടത്തിയ പ്രസ്താവനയും പ്രസ്തുത പ്രോജക്റ്റിനെ സംബന്ധിച്ച് പഞ്ചായത്തിൽ പതിപ്പിച്ച നോട്ടീസും നന്ദിഗ്രാമിലെ ജനങ്ങളെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുപോയി. കഴിഞ്ഞ മൂന്നുപതിറ്റാണ്ടുകാലം ഇടതുസർക്കാരിനെ ഭരണത്തിലേറ്റിയവർ, കമ്യൂണിസ്റ്റ് പാർട്ടിയുടെ കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം ഏറ്റുവിളിച്ചവർ പരിഭ്രാന്തരായി. അവർ പോലും അറിയാതെതന്നെ വലിയൊരു കൂട്ടമായി ഒരൊറ്റ ജനതയായി വിളിച്ചുപറഞ്ഞു "ഇല്ല നന്ദിഗ്രാമിൽ ഞങ്ങൾ കെമിക്കൽ ഹബ് അനുവദിക്കുകയില്ല" അവർ ഭൂമി ഉചേദ് പ്രതിരോധി കമ്മിറ്റി ഉണ്ടാക്കി. പഞ്ചായത്ത് ഓഫീസുകൾ തല്ലിത്തകർത്തു. സ്ത്രീകളുടെയും കുട്ടികളുടെയും വലിയൊരു പങ്കാളിത്തത്തോടെ തന്നെ അവർ സ്വന്തം മണ്ണിനെ കാത്തുസൂക്ഷിക്കുന്നതിനായി കരുതലുകൾ ഉണ്ടാക്കി. നന്ദിഗ്രാമിലെ ബ്ലോക്ക് ഒന്നിൽ ഉൾപ്പെടുന്ന അഞ്ച് പഞ്ചായത്തുകൾ ഉൾപ്പെട്ട പതിനായിരത്തിലേറെ ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്ത് ഇന്തോനേഷ്യയിലെ സലീം ഗ്രൂപ്പ് അടക്കമുള്ള ബഹുരാഷ്ട്ര കുത്തകകമ്പനികൾക്ക് വ്യവസായം നടത്തുന്നതിനുള്ള സ്ഥലമൊരുക്കുന്നത്. റൈറ്റ് റ്റു പ്രോപർട്ടി എന്ന സ്വത്തവകാശം മൗലിക അവകാശമല്ലാതാക്കുകയും ലാന്റ് അക്വിസിഷൻ ആക്റ്റ് ഉണ്ടാക്കുകയും വഴി ഭരണവർഗ്ഗ മുൻഗാമികൾ നന്ദിഗ്രാമിലെയും സിംഗൂരിലെയും ഹരിവൂരിലെയും എന്നുവേണ്ട കൊച്ചു കേരളത്തിലും എസ്.ഇ.ഇസഡുകൾക്കുള്ള വഴി എളുപ്പമാക്കിയിരിക്കുന്നു. കേവലം ഭൂമിയോടുള്ള താൽപര്യം എന്ന കർഷകന്റെ ചേതോവികാരം മാത്രമല്ല നന്ദിഗ്രാ

**ഏതെങ്കിലും രാഷ്ട്രീയനേതാക്കളുടെയോ പ്രസ്ഥാനത്തിന്റെയോ ചട്ടുകങ്ങളാക്കാതെ പിറന്ന മണ്ണിനും സ്വാതന്ത്ര്യത്തിനും വേണ്ടി സമരം ചെയ്യുന്ന നന്ദിഗ്രാമിലെ ദരിദ്രകർഷകരും കർഷകതൊഴിലാളികളും ചെയ്യുന്ന അതിജീവനത്തിന്റെ സമരകാഹളം നമ്മൾ കേൾക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.**



മിലെ പ്രക്ഷോഭത്തിന് പിന്നിലുള്ള കാരണങ്ങൾ. തങ്ങളുടെ കൃഷിയിടങ്ങൾ, വീട്, കളപ്പുരകൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ തുടങ്ങിയവ എല്ലാംതന്നെ ഈ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂപരിധിയിൽ വരും. അവരുടെ പാരമ്പര്യത്തെയും സംസ്കാരത്തെയും അതിജീവനത്തെയും ഇത് ബാധിക്കും. അതുവഴി ഒരു ജനതയുടെ ജീവിക്കാനുള്ള അവകാശത്തെ തന്നെ ഇല്ലാതാക്കുന്നു. സ്വച്ഛന്ദമായ കൃഷിയിടങ്ങളിൽ മാരകമായ രാസപദാർത്ഥ നിർമ്മാണ കമ്പനികൾ സൃഷ്ടിക്കുക വഴി അവിടത്തെ ആവാസവ്യവസ്ഥയെ തന്നെ തകർക്കുന്ന ചരാചരങ്ങളുടെ നിലനിൽപ്പിനെ ഇല്ലാതാക്കുന്ന അങ്ങേയറ്റം പ്രകൃതി വിനാശകരമായ ഒരു പദ്ധതി കൂടിയാണിത്. മാത്രമല്ല പ്രത്യേക സാമ്പത്തിക മേഖല എന്നാൽ ഒരു രാജ്യത്തിനകത്ത് മറ്റൊരു രാജ്യം എന്നാണ്. സ്വരാജ്യത്തിന്റെ പരമാധികാരത്തെ തന്നെ തുരങ്കംവെയ്ക്കുന്ന സാമ്രാജ്യത്വ മൂലധനത്തിന്റെ സ്വതന്ത്ര കോളനികളാണവ. ഇതിനകത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇന്ത്യൻ ഭരണഘടനയും നീതിന്യായവ്യവസ്ഥയും ഉറപ്പുനൽകുന്ന ഒരു സംരക്ഷണവും ലഭിക്കുകയില്ല. മാത്രമല്ല സർവ്വരാജ്യതൊഴിലാളികളെ വിവിധ തൊഴിലാളി സംഘടനകളിലായി അണിനിരത്തി സമരം ചെയ്ത് നേടിയെടുത്ത തൊഴിൽ അവകാശങ്ങൾ ഇവിടെ നിഷിദ്ധമാണ്.

1975-ൽ നിരോധിച്ച അടിമപ്പണിയും ബോണ്ടഡ് ലേബർ സിസ്റ്റവും തിരികെ വന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യർ യന്ത്രവൽക്കരിക്കപ്പെടുകയും ചെയ്യും. കുറഞ്ഞ ചിലവിൽ മൂന്നാംലോകരാജ്യത്തെ അദ്ധ്വാനവും വിഭവങ്ങളും ലഭ്യമാക്കി എം.എൻ.സികൾ കൊള്ളലാഭമുണ്ടാക്കുകയും ഈ രാജ്യങ്ങളിൽ തന്നെ അതിനെ വിപണനം നടത്തുകയും കെമിക്കൽ ഹബ്ബുകളിലെ മാലിന്യങ്ങൾ ഇവിടത്തെതന്നെ ജനങ്ങളുടെ മേൽ നിക്ഷേപിക്കുകയും ചെയ്യും. ഇങ്ങനെ ബഹുമുഖങ്ങളുമായി ആർത്തിപൂണ്ടുവരുന്ന സാമ്രാജ്യത്വ മൂലധനമെന്ന വ്യാളിയുടെ താൽപര്യത്തിനുമുന്നിൽ സ്വന്തം നാടിനെ വലിച്ചെറിഞ്ഞു കൊടുക്കുകയും അതുവഴി കിട്ടുന്ന കമ്മീഷൻ എന്ന അപ്പക്കഷ്ണങ്ങൾക്കായി കടിപിടി കൂടുകയും ചെയ്യുന്ന നെറികെട്ട രാഷ്ട്രീയവിടന്മാരെയാണ് ഞങ്ങൾ അവിടെ കണ്ടത്. എതിർക്കുന്നവരെ ആന്റി കമ്മ്യൂണിസ്റ്റ്, ആന്റി സിപിഎം എന്ന് മുദ്രകുത്തി ആക്രമിക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്ന ഭരണകൂട ഫാസിസ്റ്റ് ഭീകരതയും ദൃശ്യമായിരുന്നു.

ഈ കൊടുംവഞ്ചനയ്ക്ക് എതിരെയാണ് നന്ദിഗ്രാമിലെ പാവപ്പെട്ട കർഷകജനത സംഘടിച്ചത്. അവർ വാരികോലുകളുമായി കണ്ണിൽ എണ്ണയൊഴിച്ച് ജന്മനാടിനുവേണ്ടി കാവൽ നിൽക്കുന്നു. അവർ ഗ്രാമത്തിലേക്കുള്ള പുറംലോകത്തുനിന്നുള്ള വഴികൾ, പാലങ്ങൾ എന്നിവ നൂറുനൂറ് ഇടങ്ങളിൽ തകർത്തിരിക്കുന്നു, ഗതാഗതയോഗ്യമല്ലാതാക്കിയിരിക്കുന്നു. പശ്ചിമബംഗാൾ സർക്കാരിന് ഇതുവരെ അവിടേയ്ക്ക് പ്രവേശിക്കുവാൻ സാധിച്ചിട്ടില്ല. നക്സൽബാരിയുടെയും തേഭാഗസമരത്തിന്റെയും ധീരോദാത്തമായ പാരമ്പര്യം അവകാശപ്പെടുന്ന നന്ദിഗ്രാമിലെ ജനങ്ങൾ ഇന്ന് സംഘടിതരാണ്. സന്താൾ കലാപങ്ങളുടെയും ദേശീയ സമരത്തിന്റെയും ധീരമായ പാരമ്പര്യം ഇവിടെ പ്രകടമായിരുന്നു. ദേശീയ-കർഷക പ്രസ്ഥാനത്തിലെന്നപോലെ സ്ത്രീകളുടെ വൻ പങ്കാളിത്തത്തോടെയാണ് ഈ സമരങ്ങളും നടക്കുന്നത്. മാതംഗനി ഹാജറയെന്ന ധീരദേശാഭിമാനിയുടെയും സ്വാതന്ത്ര്യസമരനായികയുടെയും ജന്മസ്ഥലമാണ് നന്ദിഗ്രാം. അവരും പാലങ്ങൾ തകർത്തും റോഡുകൾ വെട്ടിപ്പൊളിച്ചും ആണ് ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ചിരുന്നത്. ഏതെങ്കിലും രാഷ്ട്രീയനേതാക്കളുടെയോ പ്രസ്ഥാനത്തിന്റെയോ ചട്ടുകങ്ങളാക്കാതെ പിറന്ന മണ്ണിനും സ്വാതന്ത്ര്യത്തിനും വേണ്ടി സമരം ചെയ്യുന്ന നന്ദിഗ്രാമിലെ ദരിദ്രകർഷകരും കർഷകതൊഴിലാളികളും ചെയ്യുന്ന അതിജീവനത്തിന്റെ സമരകാഹളം നമ്മൾ കേൾക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എത്രയൊക്കെ തമസ്കരിക്കാൻ ശ്രമിച്ചിട്ടും ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന അവരുടെ സമരം കണ്ടില്ലെന്ന് നടിക്കാൻ തൊഴിലാളി പ്രസ്ഥാനത്തിന്റെയും കർഷക പ്രസ്ഥാനത്തിന്റെയും പാരമ്പര്യം അവകാശപ്പെടുന്ന പശ്ചിമബംഗാൾ കഴിഞ്ഞ 30 കൊല്ലമായി ഭരിക്കുന്ന സർക്കാരിന് കഴിയുമോ? ഒരു എസ്.ഇ.ഇസഡ് വന്നതിന്റെ പ്രശ്നങ്ങൾ ഇത്രയും ഭീകരമാണെങ്കിൽ പടവലങ്ങ പോലെ നീണ്ട് ഒതുങ്ങിക്കിടക്കുന്ന കേരളത്തിൽ വരാൻ പോകുന്നത് പന്ത്രണ്ടോളം എസ്.ഇ.ഇസഡുകളാണ്. കൂടാതെ വരുന്ന ടൗൺഷിപ്പുകൾകൂടി നടപ്പിലാക്കി കഴിയുമ്പോൾ കേരളത്തിലെ മണ്ണിൽനിന്നും തുടച്ചുനീക്കപ്പെടേണ്ടിവരുന്ന ഡിസ്പോസിബിൾ ജനതയെ നമ്മൾ എവിടെ സംസ്കരിക്കും. നന്ദിഗ്രാമിലെ തീ കേരളത്തിലേക്ക് എത്തിച്ചേരുവാൻ അധികം സമയവും ദൂരവുമില്ല എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

*ബ്യൂട്ടി ബിൽഡിംഗ്സ്, അയ്യന്തോൾ, തൃശൂർ പൂങ്കുന്നം.*
*ഫോൺ : 9447441996. ashaunnithan@gmail.com*